**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6079** **17-03-2023 - ൽ മറുപടിയ്ക്ക്**

**സിനിമാ താരങ്ങൾക്കെതിരെയുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 1.4.2019 മുതൽ നാളിതുവരെ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ ഇൻവെസ്റ്റിഗേഷൻ/ ഇന്റലിജൻസ് ഓഫീസിന്റെ മേൽനോട്ടത്തിൽ എത്ര സിനിമാ താരങ്ങൾക്കെതിരെ അന്വേഷണം നടത്തിയിരുന്നുവെന്നും അല്ലെങ്കിൽ അന്വേഷണം നടക്കുന്നുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | 1.4.2019 മുതൽ നാളിതുവരെ എറണാകുളം സോണൽ ജോയിന്റ് കമ്മീഷണർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്) ഓഫീസിന്റെ മേൽനോട്ടത്തിൽ ജി എസ് ടി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള 10 ചലച്ചിത്ര താരങ്ങൾക്കെതിരെ ജി എസ് ടി നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങളും അന്വേഷണവും നടന്നു കൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത സിനിമ താരങ്ങളിൽ ആരുടെയൊക്കെ കേസുകൾ തീർപ്പാക്കിയിട്ടുണ്ട്; അവർ അടച്ച നികുതി എത്രയെന്നും പിഴ എത്രയെന്നും അസ്സസ്മെന്റ് വർഷം തിരിച്ച് വ്യക്തമാക്കാമോ; ആർക്കെങ്കിലും പിഴ ചുമത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സിനിമാ താരങ്ങളുടെ കേസുകൾ തീർപ്പാക്കിയിട്ടില്ല. ഇതിൽ നികുതിയിനത്തിൽ 2017-18 ൽ 16,67,094/- രൂപയും 2018-19 ൽ 47,62,794/- രൂപയും 2019-20 ൽ 35,72,972/- രൂപയും സ്വമേധയാ അടച്ചിട്ടുണ്ട്. തുടർ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| (സി) | തീർപ്പാക്കിയ കേസുകളിൽ മറ്റ് സ്രോതസ്സുകളിൽ നിന്നും ജി.എസ്.ടി. നിയമപ്രകാരം എടുത്ത എല്ലാ വിവരങ്ങളും നികുതി നിർണ്ണയത്തിന് ഉപയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ വാങ്ങിയിട്ടുണ്ടോ; | (സി) | മേൽപ്പറഞ്ഞ കേസുകളിൽ മറ്റു സ്രോതസ്സിൽ നിന്നും ലഭ്യമായ ഇടപാട് വിവരങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതുവരെ കേസുകൾ ഒന്നുംതന്നെ തീർപ്പാക്കിയിട്ടില്ല. |
| (ഡി) | തീർപ്പാക്കാനുള്ള കേസുകളിൽ ആർക്കൊക്കെ സമൻസ് അയച്ചിട്ടുണ്ടെന്ന് സമൻസ് അയച്ച തീയതി, മൊഴി രേഖപ്പെടുത്തിയ തീയതി, നികുതി അടക്കുവാൻ നോട്ടീസ് നൽകിയ തീയതി എന്നിവ ഉൾപ്പെടെ വ്യക്തമാക്കാമോ; | (ഡി) | മേൽപ്പറഞ്ഞ എല്ലാവർക്കും സമൻസ് അയച്ചിട്ടുണ്ട്. ഇതിൽ 9 പേരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരാൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എല്ലാ കേസുകളിലും നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ഇ) | ജി.സ്.ടി. നിയമപ്രകാരം ശേഖരിച്ച തെളിവുകളിൽ നിന്നും ആരെയെങ്കിലും കേസെടുക്കുന്നതിൽ നിന്നോ സമൻസ് നൽകുന്നതിൽ നിന്നോ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം ഫയലുകളിൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ വാങ്ങിയിട്ടുണ്ടോ; | (ഇ) | ജി.എസ്.ടി നിയമപ്രകാരം ശേഖരിച്ച തെളിവുകളിൽ നിന്നും ആരെയും തന്നെ കേസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത വിഷയത്തിൽ ക്രമക്കേടുകളോ കാലതാമസമോ ഒഴിവാക്കലോ നടന്നിട്ടുണ്ടോയെന്ന് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കമ്മീഷണർ പരിശോധിക്കുമോ? | (എഫ്) | ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ